**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 465** **06-12-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ നടപടി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</td><td colspan="2">ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് ഈ വർഷം ആകെ പ്രതീക്ഷിച്ച വരുമാനം എത്രയാണെന്നും ഇതിൽ നാളിതുവരെ ലഭിച്ച വരുമാനം എത്രയാണെന്നും ഇനം തിരിച്ച് ലഭ്യമാക്കാമോ;</td><td>(എ)</td><td>സംസ്ഥാനത്ത് 2022-23 സാമ്പത്തിക വർഷം ബജറ്റിൽ പ്രതിക്ഷിക്കുന്ന റവന്യൂ വരുമാനം 134097.80 കോടി രൂപയാണ്. (അക്കൗണ്ടൻറ് ജനറലിൻറെ പ്രാരംഭ കണക്കുകൾ പ്രകാരം) 2022 ഒക്ടോബർ മാസം വരെ 71351.33 കോടി രൂപ റവന്യൂ വരുമാനയായി ലഭിച്ചിട്ടുണ്ട്. ആയതിൻറെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ കണ്ടാലും.<br><br>(തുക കോടിയിൽ)<br><br>
<table>
<tr><th>ഇനം</th><th>(ഒക്ടോബർ 2022 വരെ) *</th></tr>
<tr><td>സംസ്ഥാന തനത് നികുതി വരുമാനം</td><td>39588.56</td></tr>
<tr><td>സംസ്ഥാന തനത് നികുതി ഇതര വരുമാനം</td><td>6196.32</td></tr>
<tr><td>കേന്ദ്ര നികുതി വിഹിതം</td><td>8362.99</td></tr>
<tr><td>കേന്ദ്രത്തിൽ നിന്നുള്ള ഗ്രാൻറ്-ഇൻ എയ്ഡ്</td><td>17203.47</td></tr>
</table>
*അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം.</td></tr>
<tr><td>(ബി)</td><td>സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?</td><td>(ബി)</td><td>സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സർക്കാർ വിഭാവനം ചെയ്തിട്ടുള്ള പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• ചരക്ക് സേവന നികുതി വകുപ്പിനെ പുനഃ സംഘടിപ്പിച്ച്കൊണ്ട് നികുതി ചോർച്ച</td></tr>
</table>

ഫലപ്രദമായി തടയുന്നതിന്റെ ഭാഗമായ്
സംസ്ഥാന സർക്കാർ ചരക്ക് സേവന
നികുതി വകുപ്പിന് കീഴിൽ ടാക്സ് പെയർ
സർവ്വീസസ്, ആഡിറ്റ് ആന്റ്
ഇന്റലിജെന്റ്സ് എൻഫോഴ്സ്മെന്റ് എന്ന്
വിഭാഗങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്.

- നികുതിയുടെ രംഗത്ത ആധുനികവൽക്കരണം സാധ്യമാക്കുന്നതിനായി മോഡൽ 2 GSTN സൊല്യൂഷൻ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. 'ടാക്സ പേയേഴ്സ് പ്രൊഫൈൽ കാർഡ്' എന്ന സംരംഭത്തിലൂടെ നികുതിദായകർക്ക കൃത്യമായി നികുതി നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

- ലക്കി ബിൽ സ്കീം എന്ന ആപ്ലിക്കേഷനിലൂടെ പൊതുജനങ്ങൾക്ക ജി.എസ്.ടി. ഇൻവോയ്സുകൾ അപ്-ലോഡ് ചെയ്യുന്നതിനും പ്രസ്തുത ആപ്ലിക്കേഷനിലൂടെ നികുതിദായകരുടെ റിട്ടേൺ ഫയലിംഗ് സ്റ്റാറ്റസ സംബന്ധിച്ച വിവരങ്ങൾ സർക്കാരിന പരിശോധിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

- അടിസ്ഥാന ഭൂനികുതി പരിഷ്കരിക്കുന്നതിലൂടെ 80 കോടി രൂപയുടെ അധിക വരുമാനം നടപ്പ വർഷം ലക്ഷ്യമിടുന്നു.

- ഭൂമിയുടെ നിലവിലുള്ള ന്യായവിലയിൽ 10% ഒറ്റത്തവണ വർദ്ധനവ നടപ്പിലാക്കുന്നതിലൂടെ 200 കോടി രൂപയുടെ അധിക വരുമാനം നടപ്പ വർഷം ലക്ഷ്യമിടുന്നു.

- നികുതിയേതര വരുമാനം മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള പ്രത്യേക ഇടപെടലുകളും നടപടികളും.

സെക്ഷൻ ഓഫീസർ